പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3674 30.01.2014 ൽ മറുപടിക്ക്

റാന്നി പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് പോലീസ് വിംഗ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) റാന്നി പോലീസ് സ്റ്റേഷനിൽ, സ്റ്റേഷൻ ഹൗസ് ഓഫീസറടക്കം അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാമെന്നും, അതിൽ ഒഴിവുള്ളത് ഏതെല്ലാം തസ്തികകളിൽ എന്നും വ്യക്തമാക്കാമോ; | (എ) സി.ഐ. (SHO) എസ്.ഐ, എ.എസ്.ഐ, എസ്.സി.പി.ഒ, സി.പി.ഒ, WHC, WPC എന്നീ തസ്തികകളാണ് റാന്നി പോലീസ് സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ളത്. ഇതിൽ സി.പി.ഒ, WPC എന്നീ തസ്തികകളിൽ ഒഴിവുകളുണ്ട്. |
| ബി) റാന്നി ടൗണിൽ അനുഭവപ്പെട്ടുവരുന്ന വർദ്ധിച്ച ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി താലൂക്ക് ട്രാഫിക് പരിഷ്കരണ സമിതിയും, താലൂക്ക് വികസന സമിതിയും ഏർപ്പെടുത്തിയ ഗതാഗത പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് മതിയായ തരത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ലഭ്യമാക്കിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ശബരിമലയുടെ താലൂക്കാസ്ഥാനമായ റാന്നി ടൗണിലും മറ്റും ഉണ്ടാകുന്ന ഗതാഗത ക്കുരുക്ക് പരിഹരിക്കുന്നതിനായി ആരംഭിച്ച വൺവേ ട്രാഫിക് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിന് റാന്നി പോലീസ് സ്റ്റേഷനിൽ പ്രത്യേകമായി ഒരു ട്രാഫിക് പോലീസ് വിംഗ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) റാന്നി ടൗണിലും മറ്റും ഉണ്ടാകുന്ന ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനായി ഹോം ഗാർഡുകളുടെ സേവനം ഉപയോഗിക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ